<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 784</u> <u>30-06-2022 - ൽ മറുപടിയ്ക്ക്</u>

<u>തിരൂരങ്ങാടി മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടക്കുന്ന അയ്യങ്കാളി കോളനി, മീൻകുഴി നഗരയിൽ കറി കോളനി എന്നീ കോളനികളുടെ നിർമ്മാണത്തിൽ ഉണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | പ്രസ്തുത കോളനികളുടെ നിർമ്മാണത്തിൽ വന്ന കാലതാമസം കാരണം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അംഗീകരിച്ച നൽകിയ എസ്റ്റിമേറ്റ് പ്രകാരം നിർവഹണ ഏജൻസി പ്രസ്തുത കോളനികളിലെ പ്രവൃത്തികൾ ആരംഭിക്കുകയുണ്ടായി എങ്കിലും മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രവൃത്തികൾ റിവൈസ് ചെയ്യേണ്ട സാഹചര്യമുണ്ടായി. ഭരണാനുമതി നൽകിയതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തികൾ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പുതുതായി ചേർക്കുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യേണ്ടി വന്നത് മൂലമുണ്ടായ കാലതാമസം കാരണം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടില്ല. നിലവിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ? | (സി) | അയ്യങ്കാളി കോളനിയിൽ റിവിഷൻ എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ചിട്ടുണ്ടെന്നും 02/07/2022ന് ഓപ്പൺ ചെയ്യുമെന്നും ഏജൻസിയായ KAICO അറിയിച്ചിട്ടുണ്ട്.<br><br>മീൻകുഴി നഗരയിൽ കറി കോളനിയിൽ പുതുക്കിയ എസ്റ്റിമേറ്റടിസ്ഥാനത്തിൽ ഉടൻ തന്നെ ടെണ്ടർ വിളിക്കുമെന്ന് ഏജൻസിയായ KAICO അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ